"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:സുനിൽ ജേക്കബ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനകാര്യം - ശ്രീ.എൻ.അജയ കുമാർ - (പ്ലംബർ ട്രേഡ്) - വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. 29/11/1971 ലെ 408/71 പി.സി. നമ്പരായിട്ടുള്ള സർക്കാർ വിജ്ഞാപനം.
2. 24/04/2008 ലെ 19855/സി/2008 തൊഴിൽ നമ്പർ സർക്കാർ കത്ത്.

## ഉത്തരവ് നമ്പർ: എ2/112/07 തീയതി:28.05.2013

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ യഥാക്രമം പി.എസ്.സി. മുഖാന്തിരവും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖേനയും നിയമനം നൽകി നികത്തേണ്ടതാണ്. മേൽ പറഞ്ഞ അനുപാതം നിശ്ചയിക്കേണ്ടത് ആകെ അംഗബലത്തിൽ അഥവാ കേഡർ സ്ട്രംങ്തിൽ ആയിരിക്കണമെന്ന് സൂചന(2) പ്രകാരമുള്ള സർക്കാർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ച് പ്ലംബർ ട്രേഡിലെ കേഡർ സ്ട്രംങ്ത് പരിശോധിച്ച് ക്രമീകരിക്കുകയുണ്ടായി. പ്ലംബർ ട്രേഡിലെ ഇൻസ്ട്രക്ടർമാരുടെ കേഡർ സ്ട്രംങ്ത് 44 ആണ്. 3:1 എന്ന അനുപാതം പരിഗണിച്ച് 11 പേർക്ക് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് ഉദ്യോഗക്കയറ്റം വഴി ജൂനിയർ ഇൻസ്ട്രക്ടറായി നിയമിക്കേണ്ടതുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ഇനി ഉദ്യോഗക്കയറ്റം നൽകേണ്ടത് താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥനാണ്.

| ക്രമ നമ്പർ | ഗ്രഡേഷൻ ലിസ്റ്റ് ക്രമ നമ്പർ | പേര് | യോഗ്യത | പ്രവൃത്തി പരിചയം |
|---|---|---|---|---|
| 1 | 9 | അജയകുമാർ.എൻ | എസ്.എസ്.എൽ.സി., എൻ.ടി..സി. പ്ലംബർ | 16.04.2008 ൽ ടിയാൾ വർക്ക്ഷോപ്പ്അറ്റൻഡർ തസ്തികയിൽ സേവനത്തിൽ തുടരുന്നു. |

ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ ശ്രീ. അജയകുമാർ.എൻ ന് നിശ്ചിത യോഗ്യത ഉള്ളതിനാലും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതിനാലും കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം 9(എ)(1) അനുസരിച്ച് 13900-24040 രൂപ ശമ്പള നിരക്കിൽ താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി ചുവടെ പറയുന്ന സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | എൻ.അജയകുമാർ | ഐ.ടി.ഐ. തേവലക്കര |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ പുതുക്കിയ രജിസ്റ്ററിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനകം നൽകിയിരിക്കേണ്ടതാണ്.

മറുപുറം

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ചുള്ള നിർബന്ധിത ട്രെയിനിംഗ് സർക്കാർ ഉത്തരവിന് വിധേയമായി നിശ്ചിത സമയത്തിനുള്ളിൽ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന് ദിനബത്ത, യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമാനുസൃതം മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്. ടി ഉദ്യോഗസ്ഥൻ വിടുതൽ ചെയ്യുന്ന തീയതിയും പുതിയ തസ്തികയിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട ഐ.ടി.ഐ.. പ്രിൻസിപ്പാൾമാർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ

ഉദ്യോഗസ്ഥന്

പകർപ്പ് :-
1. പ്രിൻസിപ്പൽ ഐ.ടി.ഐ.. കൽപ്പറ്റ/തേവലക്കര
2. ഡിറ്റി/എഡിറ്റി/ജെഡിറ്റി. സി.എ.മാർ
3. ടി.ടി.ഒ. (4) എസ്.എസ്. (എ)
5. എസ്എഫ്(എ2)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്.

J/29/05/2013